## പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1625 15.02.2016-ൽ മറുപടിയ്ക്ക്.

**കെ.എൽ.ജി.എസ്.ഡി. പ്രോജക്ട്**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് കെ.എൽ.ജി.എസ്.ഡി. പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | വികേന്ദ്രീകൃത ആസൂത്രണത്തിലും നടത്തിപ്പിലും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ അടുത്ത തലത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനും ഈ പ്രക്രിയ വ്യവസ്ഥാപിതമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കേണ്ട സേവനങ്ങൾ ഫലപ്രദമായി എത്തിക്കുകയും ചെയ്യുക എന്നുള്ള ഉദ്ദേശത്തോട് കൂടി നടപ്പിലാക്കി വരുന്ന പ്രോജക്ട് ആണ് കെ.എൽ.ജി. എസ്. ഡി.പി. |
| (സി) | പദ്ധതി നടത്തിപ്പിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവ്വഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രോജക്ട് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഈ യൂണിറ്റിൽ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടറും വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്ന സ്പെഷ്യലിസ്റ്റുകളും ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രവർത്തിച്ചു വരുന്നു. ഭരണപരവും നയപരവുമായ തീരുമാനങ്ങൾ എടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് സഹായകരമായ പരിശീലനങ്ങൾ നൽകുന്നത് കിലയും, എസ്.ഐ.ആർ.ഡി.യുമാണ്. തദ്ദേശതലത്തിലുള്ള വിവരശേഖരണം, സർവ്വേ, വിവിധ പഠനങ്ങൾ എന്നിവ നടത്തുന്നതിനും അവ പൊതുജനങ്ങൾക്ക് ലഭ്യമായ രീതിയിൽ വിന്യസിക്കുന്നതിനും വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിൽ സ്ഥാപിച്ചിട്ടുള്ള ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലി (DAC) നെ ചുമതലപ്പെടുത്തിയിരിക്കുന്നു. കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് ഐ.കെ.എം.നേയും ഓഡിറ്റിംഗിനു വേണ്ടി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും സേവനം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.